പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5643 02.07.2014-ലെ മറുപടിക്ക്

# പുതിയ മെഡിക്കൽ കോളേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. ടി.യു. കുരുവിള<br>ശ്രീ. സി.എഫ്. തോമസ് | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) പുതുതായി ആരംഭിക്കുന്ന മെഡിക്കൽ കോളേജിൽ പുതിയ കാലഘട്ടത്തിനനുസരിച്ചുള്ള എല്ലാ സൗകര്യങ്ങളോടുകൂടിയ സംവിധാനങ്ങൾ ഒരുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | എ) മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായാണ് പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നത്. ഇത്തരത്തിൽ പ്രസ്തുത മാനദണ്ഡങ്ങൾ ഘട്ടംഘട്ടമായി പൂർത്തിയാക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. |
| ബി) സർക്കാർ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. സീറ്റുകൾ 200 ആക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | ബി) നിലവിൽ ആലപ്പുഴ, കോട്ടയം, തൃശൂർ, മഞ്ചേരി, എറണാകുളം എന്നിവിടങ്ങളിലെ സർക്കാർ മെഡിക്കൽ കോളേജുകളിലാണ് 200 ൽ താഴെ എം;ബി.ബി.എസ് സീറ്റുകൾ ഉള്ളത്. ഇവയിൽ പുതിയ മെഡിക്കൽ കോളേജുകളായ മഞ്ചേരി, എറണാകുളം എന്നിവിടങ്ങളിലൊഴികെ മറ്റു മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ് സീറ്റുകൾ 200 ആയി വർദ്ധിപ്പിക്കുന്നതിനായി മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയ്ക്ക് അപേക്ഷ സമർപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ